"ഭരണഭാഷ - മാതൃഭാഷ"

R4/30397/2021/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി: 07/09/2021

# സുവർണ്ണജൂബിലി മെരിറ്റ് സ്കോളർഷിപ്പ് പുതുക്കൽ വിജ്ഞാപനം 2021-222

കേരളത്തിലെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ,യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും പഠിക്കുന്ന ബിരുദ,ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 2021-22 അദ്ധ്യയന വർഷം,സുവർണ്ണജൂബിലി മെരിറ്റ് സ്കോളർഷിപ്പ് പുതുക്കി നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം 10/09/2021 മുതൽ സമർപ്പിക്കാവുന്നതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ **www.dcescholarsip.kerala.gov.in** ൽ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

1) യോഗ്യതകൾ

എ) **2019-20, 2020-21** വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിന് അർഹരായവരും ഇപ്പോൾ തുടർന്ന് പഠിക്കുന്നവരുമായ രണ്ട്,മൂന്ന് വർഷ ഡിഗ്രി , രണ്ടാം വർഷം പി.ജി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പുതുക്കലിന് അപേക്ഷിക്കാവുന്നതാണ്.

ബി) ഡിഗ്രി **II year** -ന് സുവർണ്ണജൂബിലി സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ 50%-ത്തിൽ കുറയാതെയുള്ള **I** സെമസ്റ്ററിന്റെ മാർക്കും മൂന്നാം വർഷത്തിനപേക്ഷിക്കുന്ന വിദ്യാർത്ഥികൾ **II & III** സെമസ്റ്റർ മാർക്കിന്റെയും അടിസ്ഥാനത്തിൽ അപേക്ഷ നൽകാവുന്നതാണ്. **PG II year** -ന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ 50%-ത്തിൽ കുറയാതെയുള്ള **I** സെമസ്റ്ററിന്റെ മാർക്ക് ലിസ്റ്റ് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.

2) സ്കോളർഷിപ്പ് തുക:-

പ്രതിവർഷം 10,000/- (പത്തായിരം) രൂപ

3)ബന്ധപ്പെട്ട മറ്റു വിവരങ്ങൾ

അപേക്ഷകർക്ക് ഐ.എഫ്.എസ്. കോഡ് ഉള്ള ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

4) അപേക്ഷിക്കേണ്ട രീതി

വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **15/10/2021** വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി

എ) **www.dcescholarship.kerala.gov.in** എന്ന വെബ്സൈറ്റിലെ **suvarnajubilee merit scholarship (SJMS)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

ബി) വലതുവശത്തെ **Renewal button** ക്ലിക്ക് ചെയ്യുക.

സി) അപേക്ഷകൻ പഠിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന **District, Institution type** എന്നിവ സെലക്റ്റ് ചെയ്യുക.

ഡി) അപേക്ഷർ പഠിയ്ക്കുന്ന സ്ഥാപനത്തിന്റെ പേര് സെലക്ട് ചെയ്യുക.

ഇ) അപേക്ഷകർ പഠിക്കുന്ന കോഴ്സിൽ അഡ്മിഷൻ നേടിയ വർഷം സെലക്ട് ചെയ്യുക.

എഫ്) അപേക്ഷകന്റെ പേര് സെലക്ട് ചെയ്യുക.

ജി) രജിസ്ട്രേഷൻ ഐ.ഡി.പൂരിപ്പിക്കുക. ആവശ്യമായ എല്ലാ വിവരങ്ങളും പൂരിപ്പിച്ചതിനുശേഷം **Submit** ക്ലിക്ക് ചെയ്യുക.

എച്ച്) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം **view/Print** എടുക്കുക.

ഐ) **Registration Form** ന്റെ **Printout** അനുബന്ധ രേഖകൾ സഹിതം ഇപ്പോൾ പഠിയ്ക്കുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ജെ) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും **Registration Printout** ഉം ഓൺലൈൻ വഴി സ്ഥാപനമേധാവി പരിശോധിക്കേണ്ടതാണ്.**(verification)**

കെ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം.**(Approval)**

(എൽ) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

(എം) ഓൺലൈനിലൂടെ വെരിഫിക്കേഷനും അപ്രൂവലും നൽകാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**(III) സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ**

എ) **Registration Printout**

ബി) അപേക്ഷകന്റെ സ്വന്തം പേരിലുള്ള **Bank Passbook** ന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ച് അഡ്രസ് ഇവ ഉൾപ്പെടുത്തണം)

സി) മുൻ അദ്ധ്യയന വർഷത്തിലെ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (റിസൽറ്റ് പബ്ലിഷ് ചെയ്തിട്ടില്ലെങ്കിൽ വിദ്യാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതും, മാർക്ക്‌ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.)

ഡി) ആധാർകാർഡിന്റെ പകർപ്പ്

**(IV) അവസാന തീയതികൾ**

എ) വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷകർ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : **15/10/2021.**

ബി) **Registration Printout** ഉം മറ്റ് അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: **25/10/2021.**

സി) സ്ഥാപനമേധാവി സൂക്ഷ്മപരിശോധനക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകർ അംഗീകരിക്കേണ്ട അവസാന തീയതി : **30/10/2021.**

മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനമേധാവിയ്ക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു.

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എ.എം.ജ(03-09-2021)